ഭരണഭാഷ – മാതൃഭാഷ

PDLSGD/715/2022-B2

തദ്ദേശ സ്വയംഭരണ വകുപ്പ്
പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയം
നാലാം നില, സ്വരാജ് ഭവൻ, നന്തൻകോട്
കവടിയാർ പി.ഒ., തിരുവനന്തപുരം
പിൻ – 695 003
ഫോൺ : 0471-2727255
ഇ-മെയിൽ : pdlsgkerala@gmail.com
www.principaldirectorate.lsgkerla.gov.in
തീയതി : 20.12.2022

## <u>വിഭാഗ മേധാവികൾക്കുള്ള കുറിപ്പ്</u>

സർ,

വിഷയം: – തദ്ദേശ സ്വയംഭരണ വകുപ്പ്-പ്രിൻസിപ്പൽ ഡയറക്ടറേറ്റ്-ഫയൽ അദാലത്ത്-*"ഫയൽ തീർപ്പാക്കൽ തീവ്രയജ്ഞ പരിപാടി 2022"*- ഫയൽ തീർപ്പാക്കൽ-സംബന്ധിച്ച്

സൂചന: – തദ്ദേശ സ്വയംഭരണ(പി എസ് )വകുപ്പിൽ നിന്നുള്ള പി എസ്2/95/2022 തസ്വഭവ 08/12/2022 തിയതി കത്ത്

*"ഫയൽ തീർപ്പാക്കൽ തീവ്രയജ്ഞ പരിപാടി 2022"* യുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറി സെക്രട്ടറിമാരുമായി 17/11/2022 ന് നടത്തിയ അവലോകന യോഗത്തിൽ ഫയൽ തീർപ്പാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രത്യേക കർമ്മപരിപാടി ആവിഷ്കരിക്കേണ്ടതാണ് എന്ന് തീരുമാനിച്ചിട്ടുള്ളതായും, 30/03/2022 വരെ കൈകാര്യം ചെയ്തിരുന്ന ഫയലുകൾ തീർപ്പാക്കുന്നതിൽ ഗണ്യമായ പുരോഗതി കൈവരിക്കാത്ത വകുപ്പുകളുടെ കൂട്ടത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ഉൾപ്പെട്ടിരിക്കുന്നതിനാൽ (നിലവിൽ ഫയൽ തീർപ്പാക്കൽ ശതമാനം 50.22%) വകുപ്പിന്റെ പരിധിയിൽ ഉൾപ്പെട്ടതും , മേൽകാലയളവിൽ ഉള്ളതുമായ ഫയലുകൾ (കോടതി കേസുകൾ,വിജിലൻസ് കേസുകൾ മുതലായവ ഒഴികെ) ഒരാഴ്ചക്കകം തീർപ്പാക്കേണ്ടതാണെന്നും ആയത് ഗൂഗിൾ സ്പ്രെഡ് ഷീറ്റിൽ അപ്ഡേറ്റ് ചെയ്യേണ്ടതാണെന്നും ഈ വിഷയത്തിലുള്ള അലംഭാവം വളരെ ഗൌരവമായി വീക്ഷിക്കുന്നതാണെന്നും മേൽ സൂചന കത്ത് പ്രകാരം അറിയിച്ചിരിക്കുന്നു. ആയതിനാൽ ഇനിയും തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകൾ അടിയന്തരമായി തീർപ്പാക്കി വിവരം ഗൂഗിൾ സ്പ്രെഡ്ഷീറ്റിൽ അപ്ഡേറ്റ് ചെയ്യേണ്ടതും, ടി വിവരം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

M.G. RAJAMANIKKAM
പ്രിൻസിപ്പൽ ഡയറക്ടർ
തദ്ദേശ സ്വയംഭരണ വകുപ്പ്